ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala
Break the chain
Kailasam, T.C.4/1679 (1), No. 43, Belhaven Gardens, Kowdiar P.O.,
Thiruvananthapuram – 695 003
E-mail: keralabiodiversity@gmail.com, Web: www.keralabiodiversity.org
Toll free No: 1800 425 5383

# "Homestead Biodiversity- photo inventory-2nd phase"

വീടിനകത്തും വീടിനോടു ചേർന്നുമുള്ള ജൈവവൈവിധ്യത്തെ കണ്ടെത്തൽ-രണ്ടാം ഘട്ടം

കോവിഡ് 19 മായി ബന്ധപ്പെട്ട് കേരളത്തിലെ ഇപ്പോഴത്തെ ലോക്ക് ഡൗൺ കാലയളവിൽ നാം വീട്ടിൽ ആയിരിക്കുകയും സാമൂഹിക അകലം പാലിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കി വരുന്ന ബോധവത്കരണ പരിപാടിയുടെ ഭാഗമായി ഫോട്ടോ ഇൻവെന്ററികൾ ക്ഷണിക്കുന്നു. നമ്മുടെ വീടിനകത്തും വീടിനോടു ചേർന്നുമുള്ള സസ്യജന്തുജാല വൈവിധ്യത്തെ ആസ്പദമാക്കിയുള്ള ഫോട്ടോകൾ എടുത്ത്, വീട്ടിലുള്ള മുതിർന്നവരെ കാണിച്ചു അതുമായി ബന്ധപ്പെട്ട അറിവുകൾ ഉൾപ്പെടുത്തി അയയ്ക്കാവുന്നതാണ്. കേരള സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും ദുരന്ത നിവാരണ അതോറിറ്റിയുടേയും സുരക്ഷാ മാനദണ്ഡങ്ങൾ ഈ സമയം പാലിച്ചിരിക്കേണ്ടതാണ്.

വിവിധ തരം സസ്യങ്ങളും ജന്തുക്കളും നമ്മുടെ വീടുകളിൽ ജീവിക്കുന്നു. വീടിന്റെ ചുമരിലെ ചിലന്തികൾ, പല്ലികൾ, നിശാശലഭങ്ങൾ, ഈയലുകൾ, ഉറുമ്പുകൾ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങ ളാണ്. വീടിനോടു ചേർന്നുമുള്ള ജൈവവൈവിധ്യം വളരെ സമ്പന്നമാണ്. സസ്യങ്ങളിൽ - മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, പായലുകൾ, മരങ്ങളിൽ കാണുന്ന പന്നൽ ചെടികൾ, ഓർക്കിഡുകൾ എന്നിവയും; ജന്തുക്കളിൽ - ഈച്ച, വണ്ട്, ചിത്രശലഭങ്ങൾ, തുമ്പികൾ, അട്ട, ഉറുമ്പ്, പുൽച്ചാടികൾ, അരണ, പക്ഷികൾ, കീരി എന്നിവയും ഇതിന് ഉദാഹരണങ്ങളാണ്.

"Homestead Biodiversity" യെ കുറിച്ചുള്ള പഠനം വളരെ കുറവായതിനാൽ ഇവയുടെ വിവരശേഖരണത്തിന്റെ അപൂർവ്വമായ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കൂടുതൽ ജൈവവൈവിധ്യത്തെ കണ്ടെത്തി അവയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ ഫോട്ടോകൾ അയയ്ക്കാവുന്നതാണ്. പ്രസ്തുത ഫോട്ടോകളിലുള്ള ജൈവവൈവിധ്യത്തിന്റെ മികവ് പരിശോധിച്ച് സാക്ഷ്യപത്രങ്ങൾ നൽകുന്നതാണ്. കൂടാതെ ഈ വിവരങ്ങൾ അതാത് ബി.എം.സി.യുടെ (ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ) ജൈവവൈവിധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ്.

**നിബന്ധനകൾ**

1. ഫോട്ടോകൾ വീടിനകത്തും വീടിനോടു ചേർന്നുമുള്ളതായിരിക്കണം
2. **164.100.150.105/biomis/** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം ഫോട്ടോയും, ഫോട്ടോയെ കുറിച്ചുള്ള ചെറിയ വിവരണം, എന്നിവ അയയ്ക്കേണ്ടതാണ്. (വിശദമായ മാർഗ്ഗ നിർദ്ദേശത്തിനായി KSBB വെബ്സൈറ്റ് സന്ദർശിക്കുക)
3. ഫോട്ടോകൾ അയയ്ക്കേണ്ട **അവസാന തീയതി** 2020 ആഗസ്റ്റ് **31**.
4. കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി കേരള സംസ്ഥാന ആരോഗ്യ വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും നിർബന്ധമായും പാലിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **www.keralabiodiversity.org** എന്ന വെബ്സൈറ്റ് സന്ദർശിക്കുക

" Stay Home Stay Safe "

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക
ഡോ. ബൈജു പി ടി
baijuaqua@gmail.com
+91 8547456244, +91 9995345903

വി. മിനി
മെമ്പർ സെക്രട്ടറി (i/c)
കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്
**website:** www.keralabiodiversity.org
**email -** ksbbentries2020 @gmail.com